**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094** **18-09-2025 - ൽ മറുപടിയ്ക്ക്**

**വൻകിട ജലസേചന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-2) കാര്യാലയത്തിന്റെ കീഴിൽ വരുന്ന ഇടമലയാർ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട ലിങ്ക് കനാൽ നിർമ്മാണം പൂർത്തിയാക്കാനുണ്ട്. പെരിയാർ നദീതടത്തിലെ ജലം ചാലക്കുടി നദിയിലേയ്ക്ക് വഴി തിരിച്ചുവിടുന്ന പദ്ധതിയാണ്. ഇതിനായി പെരിയാർ നദിയിലെ ജലലഭ്യതയെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. കൂടാതെ ലിങ്ക് കനാലിന്റെ പൂർത്തീകരിക്കാനുള്ള ഭാഗത്തെ നിർമ്മാണം (പൈപ്പ്/ ഓപ്പൺ കനാൽ) എപ്രകാരം ആയിരിക്കണം എന്നതിനെക്കുറിച്ച് സാങ്കേതിക തീരുമാനം എടുക്കേണ്ടതുണ്ട്. സാങ്കേതിക തീരുമാനം ആകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് 2.34% പൂർത്തീകരിക്കാനുണ്ട്. പിറവം ബ്രാഞ്ച് കനാൽ 459 മീറ്റർ, കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി റീച്ച് 2 - 560 മീറ്റർ, റീച്ച് 3-782 മീറ്റർ, റീച്ച് 5-1026 മീറ്റർ, റീച്ച് 6-1947 മീറ്റർ എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്. ഫണ്ട് ലഭ്യതക്കുറവും തർക്കങ്ങളും കാരണമാണ് യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തത്. തർക്കങ്ങൾ പരിഹരിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും പദ്ധതി പൂർത്തിയാക്കാൻ കഴിയുന്നതാണ്.<br><br>ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1) കാര്യാലയത്തിന്റെ കീഴിൽ 10000 Ha-നു മുകളിൽ ജലസേചനം നടത്തുന്ന വൻകിട പദ്ധതികൾ ഒന്നും പൂർത്തീകരിക്കാനില്ല. |
| (ബി) | ജലവിഭവ വകുപ്പിനെ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ജലവിഭവ വകുപ്പിനെ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ നദീതടങ്ങളിൽ ഉടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) സർക്കാർ ഉത്തരവ് GO(P)No 25/2025/WRD പ്രകാരം 26-06-2025 ൽ നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഈ ചട്ടക്കൂട് നിരവധി പ്രധാന അധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഓരോന്നും നദീതട പരിപാലനത്തിന്റെ അടിസ്ഥാന മേഖലയെ അഭിസംബോധന ചെയ്യുന്നു. ദീർഘകാല തന്ത്രപരമായ ആസൂത്രണവും വാർഷിക പ്രവർത്തന പദ്ധതികളും മുതൽ സുതാര്യമായ സാമ്പത്തിക ഘടനകളും നിരീക്ഷണ സംവിധാനങ്ങളും വരെ, ഇത് IWRM ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സമഗ്രമായ അടിത്തറ നൽകുന്നു. ഉദ്യോഗസ്ഥ - ഭരണകൂടം എന്നിവരെ ഉൾപ്പെടുത്തി 4 തട്ടുകളായി പ്രവർത്തിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രസ്തുത ചട്ടക്കൂടിൽ ബഹു മുഖ്യമന്ത്രിയും ധനകാര്യം, തദ്ദേശസ്വയംഭരണം, കൃഷി, പരിസ്ഥിതി കൂടാതെ ബന്ധപ്പെട്ട വകുപ്പിലെ മന്ത്രിമാരും ഉൾപ്പെടുന്ന അപെക്സ് കമ്മിറ്റി, അഡീഷണൽ ചീഫ് സെക്രട്ടറി മറ്റു വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന സ്റ്റിയറിംഗ് കമ്മിറ്റി, വകുപ്പ് തലവന്മാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി, ജില്ലാതല ഉദ്യോഗസ്ഥരും കളക്ടറും ഉൾപ്പെടുന്ന റിവർ ബേസിൻ ലെവൽ കമ്മിറ്റി എന്നിവ ഉൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പദ്ധതികൾ/ പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. |

സെക്ഷൻ ഓഫീസർ